നമ്പർ.401065/BACG01/GPO/2025/810/(1)

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് ആഫീസ്

എരഞ്ഞോളി
എരഞ്ഞോളി.പി.ഒ
കണ്ണൂർ
04902352320(L)

തീയതി : 18/03/2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു. സെക്രട്ടറി
ഡിസ്ട്രിക്റ്റ് ടൂറിസം പ്രൊമോഷൻ കൌൺസിൽ കണ്ണൂർ

ചെയർമാൻ
പിണറായി ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, പിണറായി

സർ,

വിഷയം:- എരഞ്ഞോളി ഗ്രാമപഞ്ചായത്ത് - ഉപജില്ല അദാലത്ത് സമിതി തീരുമാനം അയച്ചു നൽകുന്നത് സംബന്ധിച്ച്

സൂചന : 1) എരഞ്ഞോളി റിവർസൈഡ് ബ്യൂട്ടിഫിക്കേഷൻ കഫ്റ്റീരിയയ്ക്ക് കെട്ടിട നമ്പർ അനുവദിക്കാത്തത് സംബന്ധിച്ച് ചെയർമാൻ, പിണറായി ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഉപജില്ല അദാലത്ത് പോർട്ടലിൽ 09/12/2024 തിയ്യതി സമർപ്പിച്ച അപേക്ഷ

2) ഈ ഓഫീസിലെ 18/11/2024 തീയ്യതിയിലെ സെക്രട്ടറി ഡിസ്ട്രിക്റ്റ് ടൂറിസം പ്രൊമോഷൻ കൌണ്സിൽ, കണ്ണൂർ എന്നവർക്ക് നല്കിയ 8006/2023 നമ്പർകത്ത്

3) 15/02/2025 തിയ്യതിയിലെ IVO4 അദാലത്ത് 02/2025 നമ്പർ തീരുമാനം

എരഞ്ഞോളി റിവർസൈഡ് ബ്യൂട്ടിഫിക്കേഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കഫ്റ്റീരിയയ്ക്ക് കെട്ടിട നമ്പർ അനുവദിക്കുന്നതിന് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് അധികൃതരെ നിരവധി തവണ ബന്ധപ്പെട്ടെങ്കിലും കെട്ടിട നമ്പർ അനുവദിച്ച് കിട്ടിയില്ലെന്ന് കാണിച്ച് സമർപ്പിച്ച സൂചന (1) അപേക്ഷയും ആയത് പ്രകാരം കെട്ടിട നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറി, ഡിസ്ട്രിക്റ്റ് ടൂറിസം പ്രൊമോഷൻ കൌണ്സിൽ, കണ്ണൂർ എന്നവർ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ഉപജില്ല അദാലത്ത് സമിതി പരിശോധിക്കുകയും നിർമ്മാണം സി ആർ സെഡ് പരിധിയിലായതിനാലും CRZ പരിധിയിൽ വരുന്ന ഏതൊരു നിർമ്മാണത്തിനും KCZMA

യുടെ CRZ അനുമതി ആവശ്യമാണെന്നുള്ളതിനാലും ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ കെട്ടിട നമ്പർ അനുവദിക്കാൻ കഴിയൂ എന്ന് കമ്മിറ്റി വിലയിരുത്തുകയും സൂചന 3 പ്രകാരം തീരുമാനം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അപേക്ഷയോടൊപ്പം സമർപ്പിച്ച വില്ലേജ് സ്കെച്ച് പരിശോധിച്ചതിൽ സ്ഥലം തിരുവങ്ങാട് വില്ലേജിൽ നിലനിൽക്കുന്നതായാണ് കാണുന്നത്. തിരുവങ്ങാട് വില്ലേജ് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടതല്ല.

താങ്കൾ സമർപ്പിച്ച അപേക്ഷ പ്രകാരം site പരിശോധിച്ചതിൽ നിർമ്മാണം പുഴയിലേക്ക് കയറി നിർമിച്ചിതായാണ് കാണുന്നതെങ്കിലും drawing അപ്രകാരം അല്ല സമർപ്പിച്ചിട്ടുള്ളത് . പ്രസ്തുത നിർമ്മാണം KPBR 2019 ചട്ടം 26 ൻറെയും കേരള തീരദേശ പരിപാലന സംരക്ഷണ നിയമത്തിൻറെയും ലംഘനമാണ് . കൂടാതെ KPBR 2019 ചട്ടം 23 പ്രകാരം PWD റോഡിൽ നിന്നും 3 മീറ്റർ അകലം ലഭ്യമല്ല. ടി വിവരങ്ങൾ സൂചന 2 പ്രകാരമുള്ള കത്തിൽ അറിയിച്ചിരുന്നെങ്കിലും ആയതു സംബന്ധിച്ച് യാതൊരു മറുപടിയും ഈ ഓഫീസിൽ ലഭിച്ചിട്ടില്ല. അപേക്ഷയിൽ മേൽ അപാകതകൾ നിലനിൽക്കുന്നതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാത്തത് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by JESIN T K
Date: 2025.03.18 17:17:05 IST
Reason: ILGMS Govt. of Kerala

ജസിൻ ടി കെ

സെക്രട്ടറി